
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

VOLUME - 2 ISSUE - 6

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൻ പ്രിയരേ,

നിങ്ങൾക്ക് ഏവർക്കും യേശു ക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സമാധാനം അറിയിക്കുന്നു.

ഇന്ത്യയിൽ കേരളം ഉൾപ്പെടെ ചില സംസ്ഥാനങ്ങളിൽ ഇലക്ഷൻ നടന്നു കഴിഞ്ഞു. പതിവുപോലെ 5 വർഷം കോൺഗ്രസും 5 വർഷം കമ്മ്യൂണിസ്റ്റും ഭരിക്കാൻ കേരള ജനത തമ്മിൽ തമ്മിൽ സംസാരിച്ചു ഉറപ്പിച്ചതു പോലെ ഈ രീതിയിൽ ഭരണകർത്താക്കളെ തെരഞ്ഞെടുക്കുന്നു. ഇൻഡ്യയിൽ വേറെ എവിടെയും ഈ ചിട്ടയില്ല. ഈ പ്രാവശ്യം കേരളത്തിൽ പതിവു പോലെ കമ്മ്യൂണിസ്റ്റ് തിരഞ്ഞെടു ക്കപ്പെട്ടാലും മുഖ്യമന്ത്രി സ്ഥാനത്തിന് മിസ്റ്റർ പിണറായി വിജയനെ തെരഞ്ഞെ ടുത്തിരിക്കുന്നു. ഇദ്ദേഹം ഒരു പിടിവാശിക്കാരുനും, തന്റെ സ്വന്തം പാർട്ടിക്കാ രനനായാലും തെറ്റുകളെ തുറന്നു പറയുന്ന സ്വഭാവം ഉള്ള വ്യക്തിയുമാണ്. ഇദ്ദേഹ ത്തിന്റെ ഭരണത്തിൽ അടുത്തുള്ള സംസ്ഥാനങ്ങളോട് യോജിപ്പോടും സമാധനാ ത്തോടും പെരുമാറും എന്ന് വിശ്വസിക്കുന്നു. എങ്ങനെയായാലും നല്ലതു നടക്കുന്ന സമരമില്ലാത്ത ഒരു ഭരണം ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടക്കുമെങ്കിൽ കേരളം നന്നാകും. ഭരിക്കുന്നവർ ഏത് പാർട്ടി ആയാലും ക്രിസ്തീയ വിശ്വാസികൾ ആയ നാം ഭരിക്കുന്നവർക്ക് വേണ്ടി

JUNE 2016

പ്രാർത്ഥിക്കണം എന്ന് വേദ പുസ്തകം നമ്മെ പഠിപ്പി ക്കുന്നു. 1 തിമോഥിയോസ് 2:1–4. റോമർ 13:1–5.

ക്രിസ്തീയ സഭാ നേതാക്കൾക്കു വേണ്ടിയും നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടത് ആവശ്യമായിരിക്കുന്നു. തിരുനെൽവേലി CSI ഡയോഡിസിൽ തെരഞ്ഞെടുപ്പു നടന്നപ്പോൾ അഴിമതികൾ കാണിച്ച് വളഞ്ഞ വഴിയിൽ ഇലക്ഷൻ നടത്തി. ഭൂരിപക്ഷത്തോടു ജയിച്ചതായി പ്രഖ്യാപിച്ചു അതുകൊണ്ട് ബഹളവും, കൈയേറ്റവും ഉണ്ടാകുകയും പോലീസ് കേസ് ആയി ബിഷപ്പിനേയും ഡയോസിസ് കൈക്കാർ ചിലരേയും പോലീസ് അറസ്റ്റ് ചെയ്തു ലോക്കപ്പിലാക്കി. കാവൽക്കാരൻ മനസികാ വായനക്കാരിയും വക്കീലുമായ ഒരു സഹോദരിയും ചില വക്കീൽമാരും ചേർന്ന് പോലീസ് അധികാരിയോട് അപേക്ഷിച്ചു. ബിഷപ്പിനെ മാത്രം നടുരാത്രി വെളിയിൽ കൊണ്ടു വന്നു. അപ്പോൾ പോലീസ് അധികാരി പറഞ്ഞത്. ഇദ്ദേഹം ഇന്ത്യയിലെ വലിയ ഡയോസിസുകളിൽ ഒന്നിന്റെ ബിഷപ്പാകുന്നു.

അച്ചന്മാർക്കെല്ലാം നേതാവാകുന്നു ഇദ്ദേഹത്തിന്റെ പേർ പത്രത്തിൽ വരാതിരിക്കുവാൻ ബിഷപ്പിനെ മാത്രം വിടുവിച്ച് സഹായിക്കണം എന്ന് അഭ്യർത്ഥിച്ചു. ആ സമയത്ത് വലിയ പോലീസ് അധികാരി പറഞ്ഞത് ഇങ്ങനെ കള്ളത്തരം കാണിക്കുന്ന ഒരു ക്രിസ്ത്രീയ നേതാവിനു വേണ്ടി നിങ്ങൾ എന്തിന് ശുപാർശ ചെയ്യുന്നു എന്ന് പറഞ്ഞത് എന്തു നാണക്കോടാണ്. ഇതുപോലെ ഇതേ ബിഷപ്പു മറ്റെ ഡയോസിസിന്റെ ബിഷപ്പുമാരും പല പ്രശ്നങ്ങളിൽ കോടതിയിൽ തടവുകാരന്റെ പ്രതികൂട്ടിൽ ബിഷപ്പു കുപ്പായത്തോട്ടം കുരിശോടും നിൽക്കവേ ജഡ്ജിമാർ ബിഷപ്പുമാരെ നിങ്ങൾ തന്നെ ഇതുപോലുള്ള തെറ്റുകൾ ചെയ്താൽ അച്ചൻമാരെയും സഭാജനങ്ങളെയും, നേതാക്കൻമാരായ നിങ്ങൾ എങ്ങനെയാണ് ആത്മീകത്തിൽ വഴി നടത്തും ചെയ്ത തെറ്റിന്റെ തെളിവോടെ ഉള്ള കുറ്റത്തിനു ജഡ്ജിമാർ വിധി പറയുമ്പോൾ ബിഷപ്പു തല കുനിഞ്ഞ് നിൽകുന്നത് അറിയുമ്പോൾ യഥാർത്ഥ ക്രിസ്ത്യാനി തീർച്ചയായും കരയും. അതുകൊണ്ട് നമ്മുടെ ബിഷപ്പുമാർ ക്കുവേണ്ടി സഭാജനങ്ങളും അച്ചൻമാരും ഭാരത്തോടു പ്രാർത്ഥിക്കണം.

ഇങ്ങനെ പ്രാർത്ഥിക്കുവാൻ ജാമക്കാരൻ (കാവൽക്കാരൻ) അറിയിപ്പു കൊടു ക്കുന്നതു ചില **ബിഷപ്പുമാർക്ക്** എന്റെ പേർക്ക് ദേഷ്യവും, വെറുപ്പും കൂട്ടുവാൻ ഇട യാകുന്നു. ഇവരുടെ പ്രതികരണവിവരങ്ങളെക്കുറിച്ച് ദൈവം അനുവദിച്ചാൽ വായനക്കാരോട് പങ്കുവയ്ക്കും.

❖ പത്താം ക്ലാസ്, +1, +2 ക്ലാസുകൾ **പാസ്സായ നമ്മുടെ** കുഞ്ഞുങ്ങൾക്ക് വേണ്ടി ദൈവത്തെ സ്തുതിക്കുന്നു. ഈ മാസിക വായിക്കുമ്പോൾ നമ്മുടെ കുട്ടികൾ പുതിയ

ക്ലാസുകൾക്ക് ചേർന്നിരിക്കും. നമ്മുടെ സ്കൂളിലും, കോളേജിലും നല്ല ആത്മീയ സുഹൃത്തുക്കളെ കിട്ടണം എന്ന് മാതാപിതാക്കൾ പ്രാർത്ഥിക്കണം. സ്കൂളിൽ പഠിക്കുന്ന കുഞ്ഞുങ്ങൾക്ക് മൊബൈൽ കൊടുക്കാതെ സൂക്ഷിക്കണം. നേരത്തെ കൊടുത്തിരുന്നാൽ അവരിൽ നിന്നും നിർബന്ധിച്ച് വാങ്ങരുത്. ആ മൊബൈലിന്റെ ഉളളിൽ ആവശ്യമില്ലാത്തവ നീക്കി കളയാൻ ആവരോടു ആലോചന പറയണം. **തോറ്റുപോയ** കുട്ടികൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. അവർ തളർന്നും പോകാതെയും വാടിപ്പോകാതെയും ഇരിക്കുവാൻ തോൽവിയെ ജയമാക്കു ന്ന കർത്താവിനോടു പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. അവരെ ധൈര്യപെടു ത്തേണം. ദൈവം നിങ്ങളെ എല്ലാവരെയും. അനുഗ്രഹിക്കുമാറാകട്ടെ!

**കുറിപ്പ്:** ഈ മാസം സ്കൂളിലും കോളേജിലും കുഞ്ഞുങ്ങളെ ചേർക്കാൻ ധാരാളം **പണം നിങ്ങൾക്ക് ആവശ്യപ്പെടും.** ഇങ്ങനെയുള്ള സാഹചര്യത്തിലും കാവൽക്കാരൻ ദൈവവേലയ്ക്കു വേണ്ടി മുടങ്ങാതെ പണം അയച്ചു **സഹായിച്ച** എല്ലാവർക്കും നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

കർത്താവിന്റെ ശുശ്രൂഷയിൽ,

**ഡോ. പുഷ്പ രാജ്.**

## അഡ്രസ് ലിസ്റ്റ് നവീകരിക്കൽ

(Jamakaran) കാവൽക്കാരൻ മാസിക വായനക്കാരുടെ വിലാസങ്ങൾ ലിസ്റ്റ് ചെയ്ത് വരുന്നു. മാസിക വേണം എന്നാവശ്യപ്പെട്ടവരുടെ കത്ത് വച്ചാണ് ലിസ്റ്റ് തയ്യാറാക്കുന്നത്.

പഴയ വായനക്കാരെ ഞങ്ങൾ മറന്നിട്ടില്ല. രണ്ട് തവണ കാവൽക്കാരൻ മാസികയിൽ അറിയിപ്പ് നൽകിയിട്ടും പ്രത്യേകം കത്തുകൾ അയച്ചിട്ടും പലരും ശ്രദ്ധിക്കാതെ വളരെ വൈകി പലർ ഇപ്പോൾ മാസിക വേണം എന്നാവശ്യപ്പെട്ട് കത്തുകൾ അയയ്ക്കുന്നു. അവരെ പുതിയ ലിസ്റ്റിൽ ചേർത്ത് മാസിക അയച്ച് വരുന്നു.

ആർക്കെങ്കിലും മാസിക വേണമെങ്കിൽ ഉടൻ ഞങ്ങൾക്കെഴുതുക.

ഞങ്ങളുടെ മാസികാ കുടുംബത്തിൽ നിങ്ങളെ ചേർക്കുന്നതിൽ ഞങ്ങൾക്ക് ഏറെ സന്തോഷം. ഞങ്ങളുടെ പ്രാർത്ഥനകൾ നിങ്ങൾക്കുണ്ടാവും.

ഞങ്ങളാവശ്യപ്പെട്ടതനുസരിച്ച് അഡ്രസ്സ് അയച്ചു തന്ന് സഹകരിച്ച ഏവർക്കും നന്ദി.

# അന്യഭാഷാ ഭാഷണം

കഴിഞ്ഞ  മെയ് മാസ ജാമക്കാരനിൽ (TPM) സിലോൺ പെന്തക്കോസ്ത് സഭ പാസ്റ്ററുടെ കത്ത് ജാമക്കാരനിൽ പരസ്യപ്പെടുത്തിയിരുന്നു. അത് നിങ്ങൾ എല്ലാവരും വായിച്ചിരിക്കും. എന്ന് വിശ്വസിക്കുന്നു. അന്യഭാഷയെക്കുറിച്ച് പെന്തക്കോസ് പാസ്റ്റർമാർ നേതാക്കൾ TPM, AOG, IPC കത്തോലിക്ക ബിഷപ്പുമാർ, കത്തോലിക്ക കരിസ്മാറ്റിക് ബന്ധപ്പെട്ട ഫാദർ.ബെർശ്മാൻസ് (പാട്ടുകാരൻ), ഫാദർ അൻഫോൻസ്, ഫാദർ സെബാസ്റ്റ്യൻ, Bro. ക്രൂസ് ദിവാകരൻ, ആർ.സ്റ്റാൻലി, (BYM), പെന്തക്കോസ്ത് സഭ, വൈദീക സെമിനാർ പ്രൊഫസർമാർ എന്നിങ്ങനെ പലരോട് ഈ വിഷയത്തെക്കുറിച്ച് രണ്ട് മൂന്ന് മണിക്കൂർ ഇരുന്ന സംസാരിച്ച് അവരുടെ അഭിപ്രായങ്ങൾ കേട്ടു അറിഞ്ഞു.

അതിന്റെ ശേഷമാണ് എന്റെ അഭിപ്രായത്തെ ഒരു പേപ്പറിൽ എഴുതി അവരുടെ കൈകളിൽ ഏൽപ്പിച്ചത്. ഞാൻ അതിൽ എഴുതി ഈ  ചോദ്യങ്ങൾക്ക് എഴുത്തിൽ മറുപടി കൊടുക്കും എങ്കിൽ അത് ഞാൻ എഡിറ്റ് ചെയ്യാതെ എന്റെ മാസികയിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ മുഴുവൻ മേൽവിലാസവും എഴുതി അത് ഞാൻ മാസികയിൽ പ്രസിദ്ധീകരിക്കുവാൻ നിങ്ങൾ അനുവദിക്കണം. അങ്ങനെ മറുപടി അയച്ച പാസ്റ്റർമാരുടെ കത്തുകൾക്കാണ് ഇപ്പോൾ ഞാൻ മറുപടി പറയുന്നത്.

ആദ്യമായി (TPM) സിലോൺ പെന്തക്കോസ്തു സഭ ചീഫ് പാസ്റ്റർമാരിൽ ഒരാളായ Pr.രാജൻ അവർകളുടെ കത്തിന് ഇപ്പോൾ ഞാൻ മറുപടി പറയുന്നു. ഇദ്ദേഹം സിലോൺ പെന്തക്കോസ്തു സഭയുടെ പ്രധാന കൺവൻഷൻ പ്രസംഗകരിൽ ഒരാൾ ആകുന്നു.

**ക്ഷ കത്തിന് എന്റെ മറുപടി** പാസ്റ്റർ **രാജൻ** കത്തിൽ എഴുതിയ വിവരം.

പരിശുദ്ധാത്മാവ് എപ്പോഴാണ് മനുഷ്യന്റെ ഹൃദയത്തിൽ വരുന്നത്. എഫേസ്യർ 1:3, 14 ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ ഒരുവൻ വചനത്തെ കേട്ടു മാനസാന്തപ്പെടുമ്പോൾ, അതായത് വിശ്വാസികൾ ആകുമ്പോൾ പരിശുദ്ധാത്മാവിനെ

നാം പ്രാപിക്കുന്നു. ആ വചനത്തെ പാസ്റ്റർ രാജൻ അവർകൾ കാത്തിരുപ്പു പ്രാർത്ഥനാ കുട്ടത്തിൽ മാത്രമേ പ്രാപിക്കാൻ സാധിക്കൂ എന്ന് എഴുതിയിരിക്കുന്നു. ഇതിനെ ന്യായീ കരിക്കാൻ ഇദ്ദേഹം അപ്പോസ്ഥല പ്രവൃത്തി രണ്ടാം അദ്ധ്യായത്തിൽ യെരുശലേമിലെ മേൽ വീട്ടറയിൽ കാത്തിരുന്നപ്പോൾ അവർ മുദ്രയിടപ്പെട്ടു. എന്ന് താരതമ്യപ്പെടുത്താൻ ശ്രമിക്കുന്നു.

**ജാമക്കരാൻ മറുപടി :-** ഈ പാസ്റ്റർമാർ തങ്ങളുടെ ഉപദേശത്തിന് യോജിക്കാൻ വേണ്ടി വചനത്തെ എങ്ങനെയെല്ലാം കുഴച്ച് മറിച്ച് അർഥം നൽകുവാൻ ശ്രമിക്കുന്നു എന്നത് കാണേണ്ടത് തന്നെ. അതിന് KJV വേദ തന്നെ പുസ്തകത്തെ ഉപയോഗിക്കുന്നു. AFTER THAT YE BELIVED എന്നുള്ള വാക്കിന് ഒരുവൻ മാസനാന്തരപ്പെട്ടു രക്ഷിക്കപ്പെട്ട ശേഷം സഭയിൽ ചേർക്കപ്പെട്ടു ചില ദിവസങ്ങൾ അല്ലെങ്കിൽ മാസങ്ങളിൽ കാത്തിരുന്നാൽ എന്ന് ആ വചനത്തിന് അർത്ഥം കൊടുക്കാൻ ശ്രമിക്കുന്നു. പക്ഷെ വചനം അങ്ങനെ പറയുന്നില്ല. എന്ന് വായനക്കാർ വായിക്കുമ്പോൾ തന്നെ മനസ്സിലാകും.

ഇത് ഉത്പത്തി പുസ്തകത്തിൽ കർത്താവ് പറഞ്ഞ വാക്കിനെ വച്ച് അതിന്റെ യഥാർത്ഥ അർത്ഥത്തെ പിശാച് മാറ്റി പറഞ്ഞു ഹവ്വയെ വഞ്ചിച്ചതു പോലെ ആകുന്നു. ഇത് വളരെ അപകടമാണ്. നമ്മുടെ സ്വന്ത ഇഷ്ടത്തിന് വചനത്തെ വളച്ചു വ്യാഖ്യാനിക്കാൻ പാടില്ല.

പാസ്റ്റർ രാജൻ അവർകൾ സൂചിപ്പിച്ച K.J.V തർജ്ജമ മാത്രമല്ല. William, Back, K.J.V ഇതുപോലുള്ള തർജ്ജമയുള്ള വേദപുസ്തകത്തിൽ കാണുന്ന വചനങ്ങളിൽ വചനത്തെ കേട്ടു മാനസാന്തരപ്പെട്ടപ്പോൾ തന്നെ എന്നാണ് വേദ പുസ്തകങ്ങളിൽ പറയപ്പെടുന്നത്. ഇതുപോലെ കുഴപ്പമുള്ള വചനത്തിന് എപ്പോഴും മൂലഭാഷയെ തരതമ്യപ്പെടുത്തണം.

എന്നാലേ യഥാർത്ഥ അർത്ഥം ലഭിക്കയുള്ളൂ. മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെടുമ്പോൾ തന്നെ പരിശുദ്ധാത്മവിനാൻ മുദ്രയിട പ്പെട്ടിരിക്കുന്നു എന്നാണ് മൂലഭാഷയിൽ കാണുന്നത്. പാസ്റ്റർ.രാജൻ അവർകൾ എഴുതിയ കത്തിൽ 1 കൊരിന്ത്യർ 12:3 വചനത്തെ ചൂണ്ടികാണിച്ച പരിശുദ്ധ ആത്മാവിൽ അല്ലാതെ ആരും യേശു

ക്രിസ്തുവിനെ കർത്താവ് എന്ന് പറയുവാൻ കഴിയുകയില്ല. ഈ വാക്കിനെ ഗത്യന്തര മില്ലാതെ പാസ്റ്റർ അവർകൾ സമ്മതിക്കുന്നു. എന്നാലും നേരത്തെ പറഞ്ഞത് തെറ്റ് എന്ന് അവർ സമ്മതിച്ചിട്ടില്ല.

പിന്നെയും പാസ്റ്റർ തെറ്റായിട്ട് തന്റെ സഭാ ഉപദേശത്തെ (ബൈബിൾ ഉപദേശം അല്ല) ഊന്നി പറയുവാൻ ആഗ്രഹിക്കുന്നു. രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായം അല്ലെങ്കിൽ പ്രവൃത്തി മനുഷ്യരിൽ ക്രിയ ചെയ്യില്ല" . പരിശുദ്ധാത്മാവ് ഉള്ളിൽ വരാതെ യേശുക്രിസ്തുവിനെ ദൈവമായി ഏറ്റുപറയാനാകില്ല: മാനസാന്തരപ്പെടാനും സാധിക്കില്ല. രക്ഷിക്കപ്പെട്ട അനേകർ നാൾ സഭാകാത്തിരുപ്പ് യോഗങ്ങളിൽ സംബന്ധി ച്ചാലേ പരിശുദ്ധാത്മാവ് വരികയുള്ളോ? പാസ്റ്ററുടെ വ്യാഖ്യാനപ്പിശക് വായനക്കാർ മന സ്സിലാക്കിയിരിക്കുമല്ലോ?

മറ്റൊരു തെറ്റായ വ്യാഖ്യാനം പാസ്റ്റർ അവർകൾ എഴുതിയിരിക്കുന്നു. അതിൽ രക്ഷിക്കപ്പെട്ട എല്ലവരുടെ ഹൃദയത്തിലും പരിശുത്മാവ് ഉണ്ട് എന്നുള്ളത് തെറ്റ് എന്ന് പറയുന്നു. ഇതിനെ റോമർ 10:9, യോഹ 14:17, ഈ വചനങ്ങളെ ചൂണ്ടി കാണിക്കുന്നു. റോമർ 10:9 ൽ എഴുതപ്പെട്ടുള്ളത് എന്തെന്നാൽ യേശുവിനെ കർത്താവ് മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്താൽ നീ രക്ഷിക്കപ്പെട്ടും.

എന്ന് പൗലോസ് എഴുതിയ വചനത്തിന് രക്ഷിക്കപ്പെടുമ്പോൾ ഉടൻ തന്നെ പരിശുദ്ധാത്മാവ് ഉള്ളിൽവരും എന്ന് ഞാൻ പറഞ്ഞത് പരിശുദ്ധാത്മാവിനും ഇതിനു മായി ബന്ധം ഇല്ല എന്ന് പറയുന്നു. വചനത്തെ ഒരാൾ കേൾക്കാതെ എങ്ങനെയാണ് രക്ഷിക്ക പ്പെടുന്നത്. രക്ഷയുടെ അനുഭവം വരാതെ എങ്ങനെ എറ്റു പറയും. വചന ത്തിനും, വചന കേൾവിക്കും, പരിശുദ്ധത്മാവിനുള്ള അടിസ്ഥാന സത്യം അറിയാത്ത പാസ്റ്ററുടെ അജ്ഞത പരമദയനീയം തന്നെ!

പാസ്റ്റർ പറയുന്ന അടുത്ത വചനം യോഹന്നാൻ 14:17.... അവൻ നിങ്ങളോടു കൂടെ വസിക്കും നിങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു. ഈ വചനത്തിനും രക്ഷിക്കപ്പെട്ടുമ്പോൾ ഉടൻ തന്നെ പരിശുത്ഥത്മാവ് ലഭിക്കുന്നു– എഫേസ്യർ 1:13– എന്ന ഈ വചനത്തിനും ബന്ധമില്ലന്നാണോ? മാനസാന്തരപ്പെട്ട

ശിഷ്യന്മാരോട് കർത്താവ്: നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ നിങ്ങൾ തന്നെ അറിയുന്നല്ലോ? എന്ന് പറഞ്ഞു. റോമർ നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ നിങ്ങൾ അറിയുന്നുവല്ലോ എന്ന് പറയുന്നു. ഇതിനു അന്യഭാഷ അടയാളമായിരിക്കു എന്ന് ഒരിടത്തുപോലും പറയുന്നില്ല! 8–ാം അദ്ധ്യായം മുഴുവൻ പൗലോസ് പറയുന്നതിനെ ഇതിനോടൊപ്പം ചേർത്ത് വായിക്കുക. ഇതിനു അന്യഭാഷ അടയാളമാകേണ്ട ആവശ്യം ഇല്ലല്ലോ?

Pr. രാജൻ അവർകൾ (TPM) അന്യഭാഷ പരിശുദ്ധാത്മാവിന്റെ ഒന്നാമത്തെ അടയാളം എന്ന് എഴുതിയിരിക്കുന്നു. ഇദ്ദേഹം മാത്രമല്ല മറ്റ് പെന്തക്കോസ്തു പാസ്റ്റർമാരും ദൈവവേലക്കാരും ഒന്നാം അടയാളം രണ്ടാം അടയാളം മൂന്നാം അടയാളം എന്ന് വേദപുസ്തകം പറയാത്ത തെറ്റായ ഉപദേശത്തിൽ കൂടി കടന്നു പോകുന്നു. ഇങ്ങനെയുള്ളവർക്ക് എങ്ങനെ ശരിയായ ഉപദേശത്തെ മനസിലാക്കി കൊടുക്കും? പരിശുദ്ധാത്മാവിന്റെ അവരോഹണത്തിൽ യെരുശലേമിലെ മാളികമുറിയിൽ നിന്നു കൊണ്ട് അന്യ ഭാഷകളിൽ സംസാരിച്ചതിനെ ക്കുറിച്ച് പത്രോസ് പറയുമ്പോൾ അപ്പോസ്തലർ പ്രവൃത്തി 2:33 ൽ **കാണുകയും കേൾക്കുകയും ചെയ്യുന്നതു** എന്നു പറയുന്നത് അന്യ ഭാഷ അടയാളം എന്ന് പാസ്റ്റർ പറയുന്നു ഇതിനാൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചതിന്റെ അടയാളം അന്യഭാഷ എന്ന് പാസ്റ്റർ സ്വയം നിശ്ചയിച്ചിരിക്കുന്നു.

ഇത്രയും ശുശ്രൂഷാ അനുഭവമുള്ള പാസ്റ്റർ, ചരിത്രസംഭവത്തിൽ പരിശുദ്ധാത്മാവിന്റെ അവരോഹണത്തിൽ നടന്ന രണ്ട് സംഭവങ്ങളെ മാത്രം എടുത്ത് അത് പരിശുദ്ധാത്മാഭിഷേകത്തിന് അടയാളമായി ചൂണ്ടികാണിക്കുന്നു.–

ഒരു വചനത്തെ ധ്യാനിക്കുമ്പോൾ അതിന്റെ മേലെയുള്ള വചനത്തെയും അതിന്റെ താഴെയുള്ള വചനത്തെയും വായിച്ച് ഏത് കാലത്തിൽ ഇത് സംഭവിച്ചു ഏത് സാഹചര്യത്തിൽ എന്തു സംഭവിച്ചു എന്നും മനസിലാക്കിയാൽ മാത്രമേ ആ വചനത്തിന്റെ അർത്ഥം മനസിലാക്കാൻ സാധിക്കു. അപ്പോസ്തലർ 2–ാം അദ്ധ്യായത്തിൽ എന്തിന് വേണ്ടിയാണ് ആ ഭാഷകൾ വെളിപ്പെട്ടു.എന്ന് ഈ പാസ്റ്റർമാർക്ക് മനസ്സിലാക്കാൻ സാധി

ക്കുന്നില്ല, ഇതിന്റെ കാരണം പൊതുവെ പെന്തകോസ്തു പാസ്റ്റർമാർക്ക് ബൈബിൾ കോളേജ് പഠിത്തത്തിന്റെ അടിസ്ഥാന അറിവ്  ലഭിക്കാതെ പോയതാണ്.

ഇതിനാൽ  ഇവരുടെ വേദപുസ്തകധ്യാന രീതി ശരിയല്ല. അതുകൊണ്ട് ഇവർ വചനങ്ങളെ തെറ്റായിട്ടും  ഇവരുടെ  ഉപദേശങ്ങൾക്കു  യോജിച്ചതായും വചനത്തെ മനസിലാക്കുന്നു. വേദപുസ്തകത്തിന്റെ അടിസ്ഥാന വിവരങ്ങളും ചരിത്ര പശ്ചാത്തല ങ്ങളും ഇവർക്ക് അറിയില്ല.  ഇപ്പോൾ AOG സഭയ്ക്ക് നല്ല ആശയഹല ഇീഹഹലഴല മധുരയിലും ബാംഗ്ലൂരിലും ഉണ്ട്. **കുമ്പനാട്ടിലും** കേരളത്തിലെ  മറ്റ് സ്ഥലങ്ങളിലും പെന്തക്കോസ്തു ബൈബിൾ കോളേജുകൾ ഉണ്ട്. പക്ഷെ ബാംഗ്ലൂരിലെ  SABS, SIACS എന്നിവിടങ്ങളിൽ  ഉള്ളതുപോലെ ഉയർന്ന ഡിഗ്രി പഠിത്തമുള്ളവരും ഡോക്ടറേറ്റ് പഠിത്തമുള്ള പണ്ഡിതൻമാരും കുറവാണ്. ഇങ്ങനെ നല്ല പഠിത്തമുള്ള കോളേജിലും അന്യഭാഷയെ അനുഭവമാക്കിയ വ്യക്തികളെയാണ് കോളേജിൽ ചേർക്കു ന്നത്.

യെശയ്യാ 28:11–ാം വചനം ഇവർ അന്യഭാഷയായിട്ടുതന്നെ കരുതുന്നു. ഇത് അന്യ ഭാഷ അല്ല ഇത് പ്രവചനം എന്ന് പാസ്റ്റർ രാജൻ അവർകൾക്ക് ഞാൻ എഴുതി സൂചി പ്പിച്ചു. പക്ഷെ അദ്ദേഹമോ അതിനെ സമ്മതിക്കാത 1 കൊരി 14:2 യെശവാവ് 28: 11 ഉം ഒന്ന് എന്ന് വ്യാഖ്യാനിക്കുന്നു. അത് തെറ്റ് എന്ന് പാസ്റ്റർ അവർകൾ സമ്മതിക്കാൻ ഇഷ്ടമില്ല. അതുകൊണ്ട് തന്നെ **ഇനി TPM പാസ്റ്ററിന്റെ  കത്തിന് ഓരോരോ വാക്കിന് അർത്ഥം കൊടുത്തു തെളിയിച്ചു സമയത്തെ നഷ്ടമാക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. സ്കൂളിൽ ഒന്നാം ക്ലാസ്  പഠിക്കുന്ന പിള്ളേർക്ക്** അ, ആ, ഇ, ഈ  **എന്ന് ആരംഭം മുതൽ പറഞ്ഞുകൊടുത്താലേ ഇവർ മനസിലാക്കുകയു ള്ളൂ.**

യെശയ്യാവ് 28:11 അന്യഭാഷയ്ക്കു തെളിവായി ആരു എടുത്തു ഉപയോഗിക്കു ന്നുവോ അവർ എത്ര വലിയ ദൈവ വേലക്കാരായാലും പാസ്റ്റർമാർ ആയിരുന്നാലും ബൈബിൾ വചനത്തെ വിഖ്യാനിക്കാനും, ധ്യാനിക്കാനും അറിയില്ല. എന്ന് ധൈര്യ മായി നമ്മുക്ക് പറയാം.

അതുപോലെ അപ്പോസ്തലാ പ്രവൃത്തി 2–ാം അദ്ധ്യായത്തിൽ ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവ് അവരോഹണം ചെയ്തപ്പോൾ ശിഷ്യന്മാരുടെ വായിൽ നിന്ന് പുറപ്പെട്ടതു ഒരു ഭാഷയല്ല. പല ഭാഷകൾ ആണ്. പുറപ്പെട്ട എല്ലാം ഭാഷകൾക്കും അർത്ഥം ഉണ്ടായിരുന്നു. ആ ഭാഷകളുടെ അർത്ഥം അറിഞ്ഞവരും അവിടെ നിന്നിരുന്നു എന്നതിന് തെളിവും ഉണ്ട്.

ഇങ്ങനെ വചനങ്ങളുടെ യഥാർത്ഥ അർത്ഥം മനസിലാക്കാതെ സഭയിൽ വേഗമായി പാടുന്ന പാട്ടുകൾ പാടി ഡ്രം അടിച്ച് സഭാജനങ്ങളെ ആവേശ നിലക്കു കൊണ്ടു പോയി അന്യഭാഷ എന്ന പേരിൽ അവരെ വായ് കുഴഞ്ഞു സംസാരിക്കുവാൻ ഉത്സാഹപ്പെടുത്തുന്നു. പാസ്റ്റർ നിർത്തുവാൻ ഒരു ആംഗ്യം കാണിക്കും അപ്പോൾ, ഡ്രം അടിക്കുന്നവർ നിർത്തും.

സഭാ ജനങ്ങളും അന്യഭാഷ സംസാരിക്കുന്നത് നിർത്തും, ഇതു പരിശുദ്ധത്മാവിന്റെ പ്രവർത്തനം അല്ല എന്ന് നമ്മുക്കു നല്ല വണ്ണം അറിയാമല്ലോ? പാസ്റ്റർ സംസാരിക്കുക എന്ന് പറയുമ്പോൾ സംസാരിക്കുന്നതും നിർത്തുഎന്ന് പറയുമ്പോൾ നിർത്തുന്നതും പരിശുദ്ധാത്മാവിന്റെ പ്രവർത്തി അല്ല. പക്ഷെ, TPM പാസ്റ്റർ അവർകൾ അതിനെ **സഭയുടെ ചിട്ട** എന്ന് പറയുന്നു.

ഇതിൽ നിന്ന് ഒന്നു മനസ്സിലാക്കുന്നു! ഈ സഭകളിൽ വിശ്വാസികളെ നോക്കി പാസ്റ്റർ സംസാരിക്കാൻ ആവശ്യപ്പെട്ടാൽ അന്യഭാഷയിൽ സംസാരിക്കും. പാസ്റ്റർ നിർത്താൻ ആവശ്യപ്പെട്ടാൽ അന്യഭാഷ നിർത്താം. ഇത് **പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അല്ല** എന്ന് എത്രയധികം സ്പഷ്ടമായി മനസ്സിലാക്കാം!

TPM **പാസ്റ്റർ രാജൻ** അവർകൾ തന്റെ കത്തിലെ അവസാന ഭാഗം എഴുതുമ്പോൾ: "ഇതു ഞങ്ങളുടെ സഭയിലെ തെറ്റായ ഒരു **പാരമ്പര്യ പ്രവർത്തി"** എന്നു **സമ്മതിക്കുന്നു.** അങ്ങനെ "വേഗമായി പാട്ടുപാടി അന്യ ഭാഷ സംസാരിപ്പിക്കുമ്പോൾ ഒരു **ആവേശം** അനുഭവപ്പെടുന്നു. ആ വഴി തെറ്റ് എന്ന് **ഞാനും സമ്മതിക്കുന്നു".** എന്ന് അദ്ദേഹം എഴുതുയിരുന്നു. TPM പാസ്റ്റർ അവർകൾ തെറ്റ്

എന്ന് സമ്മതിച്ച് എഴുതിയാലും അദ്ദേഹത്തിന്റെ മരണം വരെയും ഇന്നും ഈ തെറ്റായ രീതി സഭയിൽ അന്യഭാഷ എന്ന പേരിൽ നാവ് കുഴഞ്ഞ സംസാരം തുടർന്നുകൊണ്ടിരിക്കുന്നു. പാസ്റ്റർ ഒരിക്കൽപോലും സഭയിൽ ഈ തെറ്റായ രീതി വേണ്ട എന്ന് പഠിപ്പിച്ചില്ല.

❖ **മരിച്ച ഈ പാസ്റ്റർ** അവർകൾ അവസാനം വരെ എന്റെ നല്ല സുഹൃത്ത് ആയിരുന്നു.

# രണ്ട് യുഗങ്ങൾ

പൊതുവായി എല്ലാ പെന്തക്കോസ്തു സഭാ പാസ്റ്റർമാർക്കും ബൈബിൾ ചരിത്രത്തിൽ സ്വീകരിക്കാൻ ഇഷ്ടമില്ലാത്ത രണ്ട് വിഷയങ്ങൾ:

= **ഒന്ന്: പഴയ നിയമം** എന്നുള്ളത് യഹൂദന്മാർക്കു വേണ്ടി എഴുതപ്പെട്ടതാണ് ഇത്. ആദ്യത്തെ യുഗം എന്നും ഒന്നാമത്തെയ യുഗം എന്നും പറയപ്പെടുന്നു.

= **രണ്ട്: പുതിയ നിയമം** രണ്ടാമത്തെ യുഗം എന്നു പറയപ്പെടുന്നു. ഇതിൽ സുവിശേഷം (യേശുക്രിസ്തുവിനെ) സർവ്വമാനവജനതയ്ക്കും അറിയാൻ എഴുതപ്പെട്ടതാണ്. അപ്പോസ്തല പ്രവർത്തികളും, ലേഖനങ്ങളും, വെളിപ്പാടു പുസ്തകവും ക്രിസ്തുവിനെ സ്വീകരിച്ച സഭകൾക്കുവേണ്ടി എഴുതപ്പെട്ടതാണ്. ഇത് രണ്ടാം യുഗം എന്ന് വിളിക്കപ്പെടുന്നു. ഈ വിഷയത്തെ മനസിൽ വച്ച് ധ്യാനിക്കുമ്പോൾ മാത്രമെ പരിശുദ്ധാത്മാവിനെ കുറിച്ച് ശരിയായ വിവരം നമ്മുക്കു ലഭിക്കൂ.

1 കൊരി 14: 12 അ.പ്ര 2–ാം അദ്ധ്യായം എന്നീ ഭാഗങ്ങളിൽ പറയുന്ന അന്യഭാഷാഭാഷണച്ചെക്കുറിച്ച് പിന്നെ ഞാൻ എഴുതാം. ഈ വചനങ്ങളെ വച്ചാണ് വിശ്വാസികളെ കുഴപ്പത്തിലാക്കുന്നത്. അതുകൊണ്ട് ഈ ലേഖന പരമ്പരയ്ക്ക് അന്യഭാഷാകുഴപ്പം എന്ന തലക്കെട്ടിട്ടത്.

PDF വഴിയായി മാസിക വായിക്കാൻ ആഗ്രഹിക്കുന്നവർ നിങ്ങളുടെ E-mail ID ഉടനെ അയച്ചുതന്നാലും.

AOG സഭയുടെ മുൻ അദ്ധ്യക്ഷനും AOG സഭയുടെ സുപ്രസിദ്ധ കൺവെൻഷൻ പ്രസംഗകനും, എന്റെ സുഹൃത്തുമായ മധുര പാസ്റ്റർ P.S രാജമണി അവർകൾ എനിക്ക് അയച്ച കത്ത്

പാസ്റ്റർ P.S രാജമണി അവർകൾ എഴുതിയ പുതിയ കത്തിലെ സംശയങ്ങൾക്ക് മാത്രം മറുപടി എഴുതുന്നതിന് പകരം **ചോദ്യോത്തര** രൂപത്തിൽ ആ കത്ത് മുഴുവൻ ഇവിടെ പകർത്തുന്നു. അപ്പോഴാണ് വായനക്കാർക്ക് ഈ വിഷയത്തിൽ ശരിയായ ഗ്രാഹ്യം ലഭിക്കുന്നത്. ഇനി കത്തിലേക്ക് വരാം.

## കുഴപ്പം അന്യഭാഷയിൽ അല്ല.

പാസ്റ്റർ P.S **രാജമണി**
100, നാവലർ നഗർ
മധുര– 625016

സഹോദരൻ പുഷ്പരാജ് അവർകൾക്ക്,

യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനം, നിങ്ങൾ കാവൽക്കാരൻ മാസികയിൽ എഴുതുയ അന്യഭാഷ – കുഴപ്പം എന്ന ലേഖനം വായിച്ചു. നിങ്ങളുടെ ആശയങ്ങൾ പങ്കുവെയ്ക്കുവാൻ നിങ്ങൾക്ക് പൂർണ സ്വതന്ത്ര്യമുണ്ട്. അതുകൊണ്ട് ആ ലേഖനത്തിന് മറുപടിയായി എഴുതാൻ ശ്രമിക്കുന്നില്ല. അതിന് ശേഷം അന്യഭാഷ യെക്കുറിച്ച് വ്യക്തിപരമായി എനിക്കെഴുതിയ കത്തും കൈപ്പറ്റി. താങ്ക ളാവശ്യപ്പെട്ടതനുസരിച്ച് മറുപടി എഴുതുന്നു.

അന്യഭാഷാ കുഴപ്പം എന്ന് താങ്കൾ എഴുതിയതിനെ പലവട്ടം വായിച്ചു. അതിനു ശേഷം ഞാൻ പരിശുദ്ധാത്മാഭിഷേകം, അന്യഭാഷ എന്നിവയെക്കുറിച്ച് ഒരു ലഘു ഗ്രന്ഥം എഴുതാനാരംഭിച്ചു. ആ പുസ്തകത്തിൽ വരുന്ന ഈ വിഷയം സംബന്ധിച്ച് ഉയർന്നു വരുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതും

പരിശുദ്ധാത്മാഭിഷേകത്തിൽ വിശ്വസിക്കുന്നു. അന്യഭാഷയിൽ താങ്കൾക്കും മറ്റനേകർക്കും ഒട്ടനവധി സംശയങ്ങളുണ്ട്. പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചിട്ട് അന്യ

ഭാഷ സംസാരിക്കുന്ന പലതരത്തിലുള്ള കൃത്രിമ അനുഭവങ്ങൾ എനിക്ക് നന്നായിട്ടറിയാം! താങ്കളെഴുതിയ പല കാര്യങ്ങൾ പ്രയോഗികവശങ്ങളെക്കുറിച്ചുള്ളതാണ്. അനേക കാര്യങ്ങൾ വചനാധിഷ്ഠിതമല്ലാതെ ഊഹങ്ങളുടെ അടിസ്ഥാനത്തിൽ എഴുതിയിരിക്കുന്നു. താങ്കൾ വായിച്ച പല പുസ്തകങ്ങൾ ഞാനും വായിച്ചിട്ടുണ്ട്. ഈ ലിസ്റ്റിലില്ലാത്ത പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. പല നൂറ്റാണ്ടുകളായി അന്യഭാഷയെക്കുറിച്ചുള്ള തർക്കം സഭയിൽ നിലനിന്നു വരുന്നു.

കാവൽക്കാരൻ: പാസ്റ്റർ രാജമണി അവർകൾ തന്റെ കത്തിന്റെ തലക്കെട്ടിൽത്തന്നെ "കുഴപ്പം അന്യഭാഷയിൽ അല്ല" എന്ന് ആരംഭിക്കുന്നു.

അതേ സമയം പെന്തക്കോസ്ത് സഭകളിൽ "അന്യ ഭാഷ സംസാരിക്കുന്ന പലരിലും ഉള്ള **കപട അനുഭവങ്ങളെ** എനിക്കറിയാം എന്ന് **അദ്ദേഹം തന്നെ സമ്മതിക്കുന്നു.** അതുകൊണ്ടുതന്നെ കുഴപ്പം ഇവർ "സംസാരിക്കുന്ന അന്യഭാഷ" എന്ന പേരിൽത്തന്നെയുണ്ട് എന്ന് ഞാൻ പറയുന്നു.

പെന്തക്കോസ്ത് സഭക്കാർ അപശബ്ദം പുറപ്പെടുവിക്കുന്നതിനെക്കുറിച്ചും പാസ്റ്റർ രാജമണി അദ്ദേഹം സംസാരിക്കുന്നതിനെയും അപശബ്ദം എന്ന് പറയുന്നു. അതിനാൽ കുഴപ്പം ഇവർ അന്യഭാഷാ എന്ന പേരിൽ പുറപ്പെടുവിക്കുന്ന അപശബ്ദത്തിൽ നിന്നാരംഭിക്കുന്നു എന്നതത്രേ സത്യം!

പാസ്റ്റർ രാജമണി: 1. പരിശുദ്ധാത്മാഭിഷേകത്തിന് അന്യഭാഷ അടയാളമല്ല ഡോ. പുഷ്പരാജ് എന്ന താങ്കൾ വളരെ വർണിച്ച് എഴുതിയിരിക്കുന്നു. നിങ്ങളുടെ വാദത്തിന് വചന അടിസ്ഥാനമില്ല. ഇത് താങ്കളുടെ സ്വന്തം നിഗമനമാണ്. ഇത് വചനാനുസരണമല്ല.

**Dr. Pushparaj (കാവൽക്കാരൻ):** പരിശുദ്ധാത്മഭിഷേകത്തിന് അന്യഭാഷ അടയാളമല്ല എന്ന് ഞാനെഴുതിയ ഖണ്ഠിച്ച് അതിന് വചനാടിസ്ഥാനമില്ല എന്ന് പാസ്റ്റർ രാജമണി അവർകൾ പറയുന്നു. അത് എന്റെ സ്വന്തം ആശയം എന്നും പറയുന്നു.

അന്യഭാഷ പരിശുദ്ധാത്മാവിന്റെ അടയാളം എന്ന് വേദപുസ്തകത്തിൽ എവിടെയെങ്കിലും എഴുതിയിട്ടുണ്ടോ എന്ന് വചനാധാരത്തോടെ ഞാൻ ചോദിക്കുന്നു. പാസ്റ്റർ. രാജമണി മാത്രമല്ല വേറെ ഏത് പെന്തക്കോസ്ത് പാസ്റ്ററാണെങ്കിലും അന്യഭാഷ പരിശുദ്ധാത്മാഭിഷേകത്തിന് അടയാളം എന്ന് എഴുതിയിരിക്കുന്ന ഒരു വചനമെങ്കിലും (മുറി വചനമെങ്കിലും) ഇവർക്ക് കാണിക്കുവാൻ സാധിക്കുമോ?

വേദ പുസ്തകം മുഴുവൻ പരിശോധിച്ചാലും "അന്യഭാഷ എന്നുള്ളത് പരിശുദ്ധാത്മാവ് നല്കുന്ന വരങ്ങളിൽ ഒന്ന്" (Gift) (സമ്മാനം) എന്ന് മാത്രമേ കാണാൻ കഴിയൂ. അടയാളമായി നല്കപ്പെട്ടിട്ടില്ല.

അതുകൊണ്ട് പരിശുദ്ധാത്മാവിനെ – വരൂ എന്നോ? അന്യഭാഷ നല്കണേ എന്നോ? അപേക്ഷിക്കാൻ പാടില്ല! Gift നല്കപ്പെടുന്ന ഒന്നാണ്: ചോദിച്ച് ലഭിക്കുന്നതല്ല!

ഇന്നത്തെ എല്ലാ പെന്തക്കോസ്ത് സഭകളിലും പരിശുദ്ധാത്മാവേ ഇപ്പോൾ വരൂ! ഇറങ്ങി വരൂ! എന്ന് വിളിച്ച് കൂവി, അലറി, കൈകൾ അടിച്ച് ശരീരം കുലുക്കി ഹിന്ദുക്കൾ തങ്ങളുടെ ആരാധന സ്ഥലങ്ങളിൽ ശരീരം വിറപ്പിക്കുന്നതു പോലെ ഈ സഭാവിശ്വാസികളും അത്രയ്ക്ക് കഷ്ടപ്പെടുന്നു.

പാസ്റ്റർമാർ പരിശുദ്ധാത്മാവ് ഇറങ്ങണം എന്നതിനു വേണ്ടി അവരും നിലവിളിച്ചു വിശ്വാസികളെയും നിലവിളിപ്പിക്കുന്നു. അത് നേരിൽ കണ്ടാൽ സ്ഥിതി പരിതാപകരം!

പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ഇവർകൾ അനുഭവിക്കുന്നു കഷ്ടപ്പാടുകൾ കണ്ടാൽ ഏതോ കഠിനമായ വയറുവേദനയാൽ താങ്ങാനാതെ നിലവിളിക്കുന്നതു പോലെ ഇരിക്കുന്നു.

കൂടാതെ പാസ്റ്റർ രാജമണി അവർകളോടും മാത്രമല്ല പെന്തകോസ്ത് പാസ്റ്റർമാരോടും ഞാൻ ചോദിക്കുന്നു. ആരാണ് പരിശുദ്ധത്മാവിനെ വരൂ, ഇറങ്ങി വരൂ എന്ന് വിളിക്കുന്നത്?

ആർക്ക് പരിശുദ്ധാത്മാവ് ഇല്ലയോ അവരല്ലേ വിളിക്കേണ്ടത്. അങ്ങനെയാ

ണെങ്കിൽ ആരാധന നയിക്കുന്ന പാസ്റ്റർ അതുവരെ പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടില്ല. എന്നല്ലേ! ആ സഭയിലെ വിശ്വാസികൾക്കും പരിശുദ്ധാത്മാന് ലഭിച്ചിട്ടില്ല എന്നു തന്നെയല്ലേ അർത്ഥം!

പരിശുദ്ധാത്മാവേ ഇറങ്ങൂ! ഇറങ്ങൂ! അഗ്നി! അഗ്നി! എന്ന് ശബ്ദം പുറപ്പെടുവിച്ച് എത്രയ്ക്ക് കഷ്ടപ്പെടുന്നു! ഇങ്ങനെ ഉറക്കെ നിലവിളിച്ചാലേ പരിശുദ്ധാത്മാവ് നടന്ന വരുകയുള്ളോ? പരിശുദ്ധത്മാഭിഷേകത്തിന് ഇവർ അനുഭവിക്കുന്ന പ്രയാസം എത്ര വലുത്. പ്രസവിക്കാൻ സ്ത്രീ കഷ്ടപ്പെടുന്നതുപോലെ എത്ര കഠിനം!

അക്രൈസ്തവർ ഈ പ്രവൃത്തികളെക്കണ്ടാൽ “ഭ്രാന്ത് പിടിച്ചിരിക്കുന്നു” എന്ന് പറയും എന്ന് ബൈബിൾ എത്ര വ്യക്തമായിപ്പറയുന്നു– 1 കൊരി 14: 23! ഇന്നത്തെ സ്ഥിതികൾ എത്ര ശോചനീയം! ഇതാണോ ആത്മീയ ആരാധന!

ഇനിയും ഒരു കൂത്ത് നടക്കുന്നത് ശ്രദ്ധിക്കുക. സഭാ ആരാധന തുടങ്ങി ജനങ്ങളെ ശബ്ദമുഖരിതമാക്കിയശേഷം പാസ്റ്ററും ആവശ്യത്തിന് ശബ്ദമിട്ടശേഷം പാസ്റ്റർ ഇപ്രകാരം പറയുന്നു. “ഇപ്പോൾ നാമെല്ലാവരും പരിശുദ്ധാത്മാവിനെ സ്വീകരിക്കാനായി കൈകൾ ബലമായി അടിക്കാം.”

ആരോ ഒരു VVIPയോ, VIP യോ യോഗത്തിൽ കടന്നുവരുമ്പോൾ ഒച്ച വച്ച്, ബഹളം വച്ച്, വിസിൽ അടിച്ച് സ്വീകരികുന്നതു പോലെയാണ് ഇതും. ഇത് എത്ര തട്ടിപ്പ് ആരാധനയാണ്? ആരാധനക്ക് മുമ്പുവരെ പരിശുദ്ധാത്മാവ് എവിടെ പോയിരുന്നു? പഠിച്ചവർ എന്ന് തങ്ങളിൽ അഭിമാനിക്കുന്നവർ പോലും ഈ തട്ടിപ്പ് ആരാധനയ്ക്ക് അടിമകളാ യല്ലോ? എത്ര അപമാനം !

ശ്രദ്ധിക്കുക “വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചു കൂടാ; മനുഷ്യൻ വിതെയ്ക്കുന്നതു തന്നേ കൊയ്യും”

ഗലാ 6:7

**പാസ്റ്റർ രാജമണി** :2– “പരിശുദ്ധാത്മാഭിഷേകത്തിന് അടയാളം അന്യഭാഷ തന്നെ എന്ന് വിശ്വസിക്കുവർ” എന്ന് പറയുമ്പോൾ– വിശ്വസിക്കുന്ന ഞങ്ങൾ നൽകുന്ന തെളിവ് എന്ന് പറയാത്തത് ശ്രദ്ധിക്കുക.

ഇതിൽ നിന്ന് പരിശുദ്ധാത്മാഭിഷേകത്തിന് അടയാളം അന്യഭാഷ തന്നെ എന്ന് പാസ്റ്റർ രാജമണി തന്നെ വിശ്വസിക്കുന്നില്ല എന്ന് മനസിലാക്കാം. ഞാൻ പാസ്റ്റർ രാജമണിയെ നേരിൽ കാണാൻ മധുരയ്ക്ക് പോയിരുന്നു. സുമാർ ഒരു മണിക്കൂറോളം അദ്ദേഹവുമായി സംസാരിച്ചു. അദ്ദേഹം സംസാരിച്ച രണ്ട് യോഗങ്ങളിലും സഭാരാധനയിലും സംബന്ധിച്ചു. സഹപ്രവർത്തകരായ പാസ്റ്റർമാർ, വിശ്വസികൾ എല്ലാവരും അന്യഭാഷ എന്ന പേരിൽ അപശബ്ദങ്ങളുണ്ടാക്കി. എന്നാൽ പാസ്റ്റർ രാജമണി മാത്രം അന്യഭാഷ ഒന്നും സംസാരിച്ചില്ല.

പാസ്റ്റർ രാജമണി അവർകൾ വചന നിശ്ചയമുള്ള വ്യക്തിയാണ്. അദ്ദേഹത്തിന് തന്നെ അറിയാം തന്റെ സഭാ വിശ്വസികൾ ഉണ്ടാകുന്ന അപശബ്ദങ്ങൾ അന്യഭാഷ അല്ല എന്ന്! എങ്കിലും ഈ കീഴ്വഴക്കം തന്റെ പ്രസ്ഥാ നമായ AOG യുടെ അടിസ്ഥാന ഉപദേശങ്ങളിൽ ഒന്നായതുകൊണ്ട് ഇത് അനുവദിക്കുന്നു, താൻ മൗനസാക്ഷിക്കായി നിന്നു കൊടുക്കുന്നു.

ഇനി തന്റെ വാദങ്ങളും അതിനു ബൈബിളിൽ നിന്നുള്ള മറുപടിയും കാണാം.

വാദം 1 : അ.പ്ര. 2:4 – യെരുശലേം.

“പെന്തെക്കോസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ച് കൂടിയിരുന്നു....... എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയ വരം അനുസസരിച്ച് അന്യഭാഷകളിൽ അവർ സംസാരിച്ചു തുടങ്ങി.” (സത്യവേദപുസ്തകം, 2013, B.Bangalore).

**Dr. Pushparaj (കാവൽക്കാരൻ)** : പരിശുദ്ധാത്മാഭിഷേകത്തിന് അന്യഭാഷ അടയാളം എന്നതിന് താഴെപ്പറയുന്ന വചനങ്ങൾ പാസ്റ്റർ രാജമണി അവർകൾ കാണിക്കുന്നു. അ.പ്ര 2:4 10:45;19:1–6 മുകളിൽക്കൊടുത്ത വേദഭാഗത്ത് –വരം (gift) എന്ന് എഴുതിയിരിക്കുന്നത് ശ്രദ്ധാച്ചാലും.

**ആദ്യമായി പ്ര 2:4 ൽ – യെരുശലേയിൽ – നടന്ന സംഭവം ശ്രദ്ധിക്കാം. ഇനി വായിക്കാൻ പോകുന്ന ഭാഗം വളരെ പ്രാധന്യമുള്ളതാണ്.**

അ.പ.2:4 ൽ– പരിശുദ്ധാത്മ അവരോഹണത്തെക്കുറിച്ച് കാണാം.

പഴയ നിയമത്തിൽ ഓരോ ദൗത്യനിർവ്വണത്തിനായി സ്വർഗത്തിൽ നിന്ന് വരുന്ന പരിശുദ്ധാത്മാവ് ദൗത്യനിർവ്വഹണത്തിന് ശേഷം വീണ്ടും തിരികെപോയ് കൊണ്ടിരുന്നു.

ഈ പുതിയ നിയമകാലത്ത് രക്ഷിക്കപ്പെടുന്നവരിൽ എന്നേക്കും വസിക്കാനായി പരിശുദ്ധാത്മാവ് അവരോഹണം ചെയ്ത ചരിത്ര പ്രസിദ്ധ സംഭവമാണ് മുകളിൽ നിങ്ങൾ വായിച്ചത്. ഈ ആത്മാവ് കൃപായുഗം മുഴുവൻ രക്ഷിക്കപ്പെട്ടവരിൽ നിരന്തരമായി ആവസിച്ച് വഴി നടത്തുന്നു. യോഹ 14:16; 23,24; എഫേ 1:13.

കർത്താവിന്റെ കല്പനപ്രകാരം, അവിടുത്തെ സ്വർഗാരോഹണത്തോടനുബന്ധിച്ച് പരിശുദ്ധാത്മാവിന്റെ അവരോഹണത്തിനായി യെരുരേലേമിലെ മാളികമുറിയിൽ 12 അപ്പോസ്തലന്മാരും, കർത്താവിന്റെ അമ്മ മറിയയും മറ്റ് ശിഷ്യന്മാരും കാത്തിരുന്നു. പരിശുദ്ധാത്മാവ് വന്നു. ഇന്നും ഇവിടെയുണ്ട്.

## ഭാഷകളുടെ ഉദ്ഭവം

**അന്യഭാഷകളെക്കുറിച്ച് മനസ്സിലാക്കുവാൻ ഭാഷകളുടെ ഉത്പത്തി ചരിത്രം അറിഞ്ഞിരിക്കേണ്ടതാണ്. ''ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കുകളുമാണ് ഉണ്ടായിരുന്നത്'' – ഉല്പ 11:1**

ഇതായിരുന്നു ആദ്യകാലത്തെ മനുഷ്യരുടെ അവസ്ഥ എന്നാൽ അനുസരണക്കേടും പാപവും നിമിത്തം ജനത്തെ ജലപ്രളയം കൊണ്ട് ശിക്ഷിക്കാൻ ദൈവം തീരുമാനിച്ചു. ദൈവ മുമ്പാകെ ഭയപ്പെട്ട് നേരോടെ നടന്ന നോഹയുടെ

കുടുംബം മാത്രം രക്ഷപ്പെടുത്തി.

ജലപ്രളയാനന്തരം നോഹയുടെ 3 പുത്രന്മാരിലൂടെ ഇന്നത്തെ ലോക ജനത മുഴുവൻ ഉരുവായി. ദൈവവത്തെ മറന്ന്, ദൈവേഷ്ടം നിറവേറ്റാതെ തങ്ങളുടെ പേരിനും പെരുമയ്ക്കുമായി പലതും ചെയ്തു തുടങ്ങി. അതിന്റെ ഉയർന്ന പടിയാണ് ഒരു നഗരവും അതിൽ ബാബേൽ ഗോപുര നിർമ്മാണവും. ദൈവ പദ്ധതിക്ക് എതിരായതും അഹങ്കാരം നിറഞ്ഞതുമായ ഈ പ്രവൃത്തിക്ക് അന്തം വരുത്താനായി.

# ദൈവ കോപം വന്നു

ദൈവം അവരുടെ ഭാഷ ഭിന്നിപ്പിച്ചു. പിന്നീടവർ അന്യോന്യം മനസ്സിലാ ക്കിയില്ല. അവരെ ഭുമുഖത്തെങ്ങും ചിതറിച്ചു കളഞ്ഞു. അവർ പട്ടണം പണി ഉപേക്ഷിച്ചു കളഞ്ഞു. വാക്കുകൾ മനസ്സിലായവർ ഒരുമിച്ചു കൂടി ഭൂതലമെങ്ങും നിറഞ്ഞു.

കാലങ്ങൾ കടന്നുപോയി. കാഴ്ചകൾ എത്ര മാറി മറഞ്ഞു.

= **അബ്രഹാമിന്റെ കാലം** –........... ഒരു വ്യക്തി ഒരു ജനതയായി മാറി.
= **ജോസഫിന്റെ കാലം** –........... ഒരു ജനത ഒരു ദേശമായി മാറി
= **മോശെയുടെ കാലം** –........... ദേശം അടിമത്തത്തിൽ നിന്ന് പുറപ്പാടിലേക്ക്.
= **ന്യായാധിപന്മാരുടെ കാലം–** ........ ദേശംന്യായപാലന വ്യവസ്ഥിതിയിലേക്ക്.
= **രാജാക്കന്മാരുടെ കാലം** – ........... ദൈവത്തെ വേണ്ട എന്ന് മാനുഷിക

വ്യവസ്ഥിതിയിലേക്ക് മാറി. പ്രവാചകന്മാരുടെ കാലം ജനം വിഗ്രാഹാരാധനയിലേക്ക് തിരിഞ്ഞു. മാനസാന്തരത്തിനുള്ള ആഹ്വാനം

എന്നിങ്ങനെ തുടർന്നു. ജനം പാപം ചെയ്തപ്പോൾ അവരെ ശിക്ഷിക്കുകയും വീണ്ടും ചേർക്കുകയും ചെയ്തു. ഈ നില തുടരാതെ എന്നും തന്നോടൊപ്പം വസിക്കുവാൻ ഒരു ജനതയെ തെരഞ്ഞെടുക്കാൻ ദൈവത്തിന് തിരുമനസ്സായി.

അതിനായി ജനങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടേണ്ടതുണ്ട്. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനമില്ലായ്കയാൽ പരിശുദ്ധ രക്തം ചിന്താൻ പദ്ധതിയിട്ടു. (എബ്രാ 9:22). ഈ പദ്ധതിയെ എശയ്യാ പ്രവാചനകനിലൂടെ ലോക ജനതയെ മുഴുവൻ അറിയിച്ചു. എശയ്യാ 7:14.

പരിശുദ്ധ രക്തം ചിന്തുന്ന വ്യക്തിയെ മിശിഹാ എന്ന് വിളിച്ചു. മിശിഹാ വരുന്ന അടയാളവും നൽകി കന്യകാ ജനനത്തിലൂടെയുള്ള അവതാരം!

ഈ സന്തോഷ വർത്തമാനം ആദ്യം ഏക സത്യ ദൈവാരാധന തുടർന്ന യഹൂദ ജനതയ്ക്കും അവരിലൂടെ സർവ്വമാനവ ജനതയ്ക്കും നൽകി. യഹൂദരിൽ ഭൂരിപക്ഷം പേർ യേശുവിനെ മിശിഹായായി അംഗീകരിച്ചില്ല, തള്ളിക്കളഞ്ഞു.

യേശുവിനെ പിടിച്ചു. അടിച്ചു, തല്ലി ക്രൂശിൽ കൊന്നു. അവിടുന്ന് മൂന്നാം നാൾ ഉയിർന്നെഴുന്നേറ്റു. അനേകർക്ക് അവിടുന്ന് പ്രത്യക്ഷനായി, തന്നെ തെളിയിച്ചു. അ.പ്ര1:3.

## വിവിധ ഭാഷകൾ

യേശുക്രിസ്തു മിശിഹാ, ലോക രക്ഷിതാവ് എന്ന ലോക ജനതയെ മുഴുനൻ അറിയിക്കാൻ അവരോഹണം ഈ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ശിഷ്യന്മാ രോട് കാത്തിരിക്കാൻ ആവശ്യപ്പെട്ടു.

10 നാളുകൾ കാത്തിരുന്നു. ആദ്യം യെരുശ ലേമിൽ മാളിക മുറിയിൽ ഇറങ്ങിയ ശുദ്ധാത്മാവ് ഇവിടെ തങ്ങുകയും രക്ഷിക്ക പ്പെടുന്നവർ സാക്ഷികളാകേണ്ടതിന് അവരുടെ ഉള്ളിൽ ആവസിക്കുകയും ചെയ്യുന്നു. അതിനുശേഷം ഇന്നുവരെ ആരോടും പരിശുദ്ധാത്മാവിനായി കാത്തിരിക്കാൻ ദൈവം ആവശ്യപ്പെട്ടിട്ടില്ല.

യെരുശലേമിൽ അപ്പോസ്തലന്മാരും ശിഷ്യന്മാരും പരിശുദ്ധാത്മവിനായി കാത്തിരുന്നു. അലോസ്തലിക കലാത്തോ അതിനുശേഷമോ, യെരുശലേ, ഒഴികെ മറ്റൊരു സ്ഥലത്തും, ദേശത്തും, ആരും കാത്തിരുന്നിട്ടില്ല.

TPM പാസ്റ്റർ രാജൻ അവർകൾ പറയുന്നതു പോലെ കാത്തിരുന്ന് ആത്മാവിനെ പ്രാപിക്കണമെന്ന് വചനാനുസരണമല്ല; ദുരുപദേശമാണ് അപ്പോസ്തലന്മാർ നമ്മെ പഠിപ്പിക്കാത്ത കള്ള ഉപദേശമാണ്.

## ചിതറടിക്കപ്പെട്ടവർക്ക് സുവിശേഷം – അ. പ്ര 2:4.

പഴയ നിയമ കാലത്ത് ഏക സത്യ ദൈവത്തെ വണങ്ങിയവർ യഹൂദരാണ്. യഹുദരിലൂടെ സത്യം അറിഞ്ഞവർ യഹൂദമതാനുസാരികളായി മാറി.

സത്യാന്വേഷികളായ ഈ ജനതയ്ക്കും ഇവരിലൂടെ സർവ്വജനതയ്ക്കും മിശിഹാ പദ്ധതി അറിയിക്കാൻ ദൈവം തെരഞ്ഞെടുത്ത ചരിത്ര സംഭവമാണ് – അ.പ്ര. 2–ാം അദ്ധ്യായം.

### പരിശുദ്ധാത്മാ അവരോഹണത്തിൽ സംഭവിച്ച 3 കാര്യങ്ങൾ

**ഒന്ന്:** കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നും മുഴക്കം.

കാറ്റ് പരിശുദ്ധാത്മാവിന് നിഴലായി പഴയ നിയമത്തിൽ പറഞ്ഞിട്ടുള്ളത് അറിയാമല്ലോ. കാത്തിരുന്ന ശിഷ്യന്മാരുടെ ചുറ്റും മുഴക്കം ഉണ്ടായപ്പോൾ പരിശുദ്ധാത്മാവിന്റെ ആഗമനം എന്ന് മനസ്സിലായി. എന്നന്നേക്കും നമ്മോടുകൂടെ വസിക്കും എന്ന് യേശു കർത്താവ് വാഗ്ദത്തം ചെയ്യപ്പെട്ട പരിശുദ്ധാത്മാവ് ഇതാ ആഗതനാകുന്നു. (യോഹ14:16)

**രണ്ട്:** അവർ ഇരുന്നിരുന്ന വീട് മുഴുവനും നിറച്ചു.

മുഴക്കം ഒരു സ്ഥലത്തിലേക്ക് അഥവാ ആ ഭവനത്തിലേക്ക് ദൈവം തിരിച്ചു വിട്ടു. പെന്തക്കോസ്ത് ഉത്സവത്തിന് വന്നവരുടെ ശ്രദ്ധ ക്ഷണിക്കാനാണ് കർത്താവ് ഇപ്രകാരം ചെയ്തത്. അവർ വീടിന് ചുറ്റും കൂടി. വീടിന് പുറത്തേക്ക് ശിഷ്യന്മാർ വന്നു. അപ്പോൾ പരിശുദ്ധാത്മാവ് അവരുടെ മേൽ ഇറങ്ങി.

**മൂന്ന്:** അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി.

അവരിൽ ഓരോരുത്തരുടെ മേലുള്ള അഗ്നിജ്വാല നാവുകൾ പതിഞ്ഞു. ഇത് വിവരിക്കാനാവാത്ത അത്ഭുതമത്രേ! ഒരു മനുഷ്യനെച്ചുറ്റി അഗ്നിജ്വാലകൾ ഇരിക്കുന്നതു കണ്ടാൽ എങ്ങനെയിരിക്കും? സങ്കല്പിച്ചു നോക്കൂ! ആ ജ്വാലകൾ ശിഷ്യന്മാരെ ദഹിപ്പിച്ചില്ല. അങ്ങനെയെങ്കിൽ കരിക്കട്ടയായിത്തീരുമായിരുന്നു. ജ്വാലകൾക്ക് നടുവിൽ ശിഷ്യന്മാരുടെ രൂപത്തെ ജനം കണ്ടു. എത്ര ആശ്ചര്യമായ കാഴ്ച!

ഈരെയാരു രംഗവിതാനത്തിന് ഒരു കാരണമുണ്ട്. കൂടിവന്ന പ്രത്യേകിച്ച് യഹൂദന്മാർക്ക് **പഴയ ഒരു കാര്യം** ഓർമ്മപ്പെടുത്താനാണ്. മാളിക മുറിയിൽ കൂടിവന്ന 120 പേരും ദൈവത്താൽ അംഗീകരിക്കപ്പെട്ടവരാണ് എന്നുള്ളതും ദൈവത്തിന് ബോധ്യപ്പെടുത്തേണ്ടതുണ്ട്.

യഹൂദന്മാരുടെ രാഷ്ട്രപിതാവായ മോശെയോട് നൂറ്റാണ്ടുകൾക്ക് മുമ്പ് ദൈവം ഒരു **മുൾപടർപ്പിന്റെ** നടുവിൽ നിന്ന് **അഗ്നിജ്വാലയിൽ** പ്രത്യക്ഷനായി (പുറ 3:2–4) **"മുൾപടർപ്പ്** തീ പിടിച്ച് കത്തുന്നതും മുൾപടർപ്പ് വെന്തു പോകാതിരിക്കുന്നതും കണ്ടു.

മുൾപടർപ്പ് വെന്തു പോകാതിരിക്കുന്ന ഈ വലിയ കാഴ്ച എന്തെന്ന് ഞാൻ ചെന്ന് നോക്കട്ടെ എന്ന് മോശെ പറഞ്ഞു. നോക്കേണ്ടതിന്നു മോശെ വരുന്നത് യഹോവ കണ്ടപ്പോൾ ദൈവം മുൾപടർപ്പിന്റെ നടുവിൽ നിന്നു മോശെ മോശെ എന്ന് വിളിച്ചു."

മോശെ ഉറ്റുനോക്കിയപ്പോൾ തീയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന **മുൾപടർപ്പ് വെന്തു പോകാത്തത്** കണ്ടു. ഇത് ഒരു അത്ഭുതം.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന് ചുറ്റും അഗ്നിജ്വാല. പക്ഷേ തീജ്വാലകൾ കർത്താവിനെ ഒന്നും ചെയ്തില്ല.

ഈ സമയത്ത് ദൈവസന്ദേശം തീജ്വാലകളുടെ നടുവിൽ നിന്ന് മോശെക്ക് ലഭിക്കുന്നു.

തീജ്വാലകളുടെ നടുവിൽ നിന്ന് ദൈവം സംസാരിച്ച ഈ അത്ഭുത വിഷയം തലമുറ തലമുറകളായി ദൈവത്തെ മഹത്വപ്പെടുത്തി യഹൂദന്മാർ സംസാരിക്കും. അന്ന് മോശെയോട് സംസാരിച്ച അതേ രീതിയിൽ ഇവിടെ ഒരു ആവർത്തനം. **അന്ന് മുൾപടർപ്പ് വെന്ത് പോകാത്തതുപോലെ ഇവിടെ ശിഷ്യന്മാരും വെന്ത് പോകുന്നില്ല!**

ഇതിലൂടെ ഈ ശിഷ്യന്മാർ **ദൈവത്താൽ** നിയോഗിക്കപ്പെട്ടവരും, തെരഞ്ഞെടുക്കപ്പെട്ടവരും, അയക്കപ്പെട്ടവരുമെന്ന് യഹൂദ ജനം മനസ്സിലാക്കി. **ഉറപ്പാക്കി.**

## പൗലോസ് സംസാരിച്ച അധികം അന്യഭാഷകൾ

1 കൊരി 14:18 ൽ – "നിങ്ങളെല്ലാവരിലും അധികം ഞാൻ അന്യഭാഷകളിൽ സംസാരിക്കുന്നതു കൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു" എന്ന് പൗലോസ് പറയുന്നത് ശ്രദ്ധിക്കുക.

പൗലോസ് ഇക്കാര്യം കൊരിന്ത് പട്ടണത്തിലെ സഭയോട് പങ്കുവക്കുന്നു. കൊരിന്ത് സഭയിൽ മാത്രം 16 ഭാഷകൾ സംസാരിക്കുന്നവർ ഉണ്ടായിരുന്നു. ഗ്രീക്കും, എബ്രായ ഭാഷയും കൈകാര്യം ചെയ്തിരുന്ന പൗലോസ് സഭയിലെ ശിഷ്യന്മാരുടെ ഭാഷകളിൽ പരിശുദ്ധാത്മ വരത്താൽ അവരോട് സംസാരിച്ചു. സഭയിൽ മാത്രമല്ല സുവിശേഷവുമായി എവിടെയല്ലാം കടന്നുചെന്നുവോ അവിടുത്തെ ഭാഷകളിൽ സംസാരിച്ചു.

## മലയാളക്കരയിൽ വിശുദ്ധ തോമാശ്ലീഹാ

കർത്താവിന്റെ 12 അപ്പോസ്തലന്മാരിൽ ഒരാളായ തോമാസ് സുവിശേഷവുമായി നമ്മുടെ മണ്ണിൽ കടന്നു വന്നുവല്ലോ. ഇവിടുത്തെ ജനങ്ങളുടെ ഭാഷയിൽ ഹീബ്രു മാതൃഭാഷയായ തോമാസ് സുവിശേഷം പങ്കുവച്ചു! ഇതെങ്ങനെ

സംഭവിച്ചു? ഇതാണ് പരിശുദ്ധാത്മാവിന്റെ അന്യഭാഷാ വരം! (സമ്മാനം, Gift). അ. പ്ര.2–ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവ് കൊടുത്തവരം തോമാസിൽ ഉണ്ടായിരുന്നതു കൊണ്ട് സാഹചര്യത്തിനനുസരിച്ച് ഇത് സാധ്യമായി.

**പാസ്റ്റർ രാജമണി:** "യെരുശലേമിൽ മാത്രമല്ല സെസര്യയിലും, എഫസോസിലും അന്യഭാഷാ സംസാരിച്ചു. പെന്തക്കോസ്ത് സഭകളിൽ സംസാരിക്കുന്ന അന്യഭാഷയും, എന്തിനേറെ പാസ്റ്റർ രാജമണി എന്ന ഞാൻ സംസാരിക്കുന്ന അന്യഭാഷയും അന്യഭാഷയ്ക്ക് സാക്ഷ്യമാണ്. ഇതിന് മേൽ വേറെ വിശദീകരണങ്ങൾക്കായി അലയേണ്ടതില്ല" എന്ന് എഴുതിയിരിക്കുന്നു.

**Dr. Pushparaj (കാവൽക്കാരൻ)**: ഇവർ സംസാരിക്കുന്നത് അന്യഭാഷയല്ലല്ലോ! ഇത് വെറും അപശബ്ദങ്ങളാണ്. പെന്തക്കോസ്ത് സഭകളിലെ കുഞ്ഞുങ്ങൾ സഭയിലെ ആരാധനയ്ക്കു ശേഷം വീട്ടിൽ വന്ന് അവരുടെ പാസ്റ്റർ "പറഞ്ഞ" അന്യഭാഷയെ അനുകരിച്ച് സംസാരിക്കുന്നു. തങ്ങളുടെ പാസ്റ്റർ ''തളപുള ഇക്കരപുളാ ഷക്കരബലാ' എന്ന വാക്കുകൾ മാത്രം ആവർത്തിച്ച് പറയുന്നത് ചിരിച്ചുകൊണ്ട് അവരും പറയും. ഇത് യാത്ര ചെയ്യുമ്പോഴും, കൂട്ടുകാർ തമ്മിൽ സംസാരിക്കുമ്പോഴും ആവർത്തിക്കുന്നു. കുഞ്ഞുങ്ങൾ പാസ്റ്ററിൽ നിന്ന് മറ്റൊരു വാക്കും കേട്ടിട്ടില്ല! ഇതാണ് ഇന്നത്തെ "നെത്തക്കോസ്ത് പാസ്റ്റർമാരുടെ അന്യഭാഷാ' കുഞ്ഞുങ്ങൾക്ക് മനസ്സിലായി. ഇത് കൃത്രിമ ഭാഷയെന്ന്! വിശ്വാസികൾക്ക് ഇതുവരെ മനസ്സിലായിട്ടില്ല!

**പാസ്റ്റർ രാജമണി അവർകൾ എഴുതി വ്യാജം**

പെന്തക്കോസ്ത് നാളിൽ യെരുശലേമില ശിഷ്യന്മാർ സംസാരിച്ച അന്യഭാഷകൾ **''അവിടെ കൂടിവന്ന ആർക്കും മനസ്സിലായില്ല''** എന്ന് എഴുതിയത് **എത്ര പച്ചക്കള്ളം.**

കൂടാതെ, "120 പേർ കൂടിയിരുന്ന് **അന്യഭാഷകൾ സംസാരിച്ച ശബ്ദം കേട്ടാണ് ജനം ഓടിക്കൂടിയത്** എന്ന് ബൈബിളിൽ ഇല്ലാത്ത കാര്യം എത്ര

ധൈര്യത്തോടെ എഴുതിയിരിക്കുന്നു. അന്ന് അവിടെ കൂടിയ ജനം ഞായറാഴ്ച ആരാധനാ യോഗത്തിന് കൂടി വരുന്നതുപോലെ വന്നവരല്ല. ഇത് എന്ത് ശബ്ദം എന്ന് “കൊടിയ കാറ്റ് അടിക്കുന്ന മുഴക്കം കേട്ട്' വന്നവരാണ്.

ഏറെക്കാലം ശുശ്രൂഷാ അനുഭവമുള്ള പാസ്റ്റർക്ക് ഇങ്ങനെ എഴുതാമോ? ഇത്രയ്ക്ക് കള്ളവും, തെറ്റും നിറഞ്ഞ ഒരു വിശദീകരണം പാസ്റ്റർ രാജമണിയിൽ നിന്ന് പ്രതീക്ഷച്ചതല്ല.

**പാസ്റ്റർ എഴുതിയതിനെ വചനവുമായി പരിശോധിക്കാം.**

അ.പ്ര. 2:6 – “ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നു പോയി”

ഇവിടെ ഇത്ര വ്യക്തമായി എഴുതിയിട്ടുള്ള കാര്യത്തെ പാസ്റ്റർ രാജമണി എന്തിന് മറയ്ക്കുന്നു? ഇവരുടെ യോഗങ്ങളിൽ നടക്കുന്ന കൂത്തുപോലെ ഒരു കൂത്തരങ്ങായി അന്നത്തെ ചരിത്ര സംഭവത്തെ കാണുന്നു.

പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിലെ പാസ്റ്റർമാരോട് താഴ്മയായി ഒരു കാര്യം ചോദിക്കട്ടെ. മുകളിൽ പാസ്റ്റർ രാജമണി പ്രസ്താവിച്ച കാര്യം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?

**ഓരോരുത്തൻ താന്താന്റെ ഭാഷയിൽ**

അവിടെ കൂടിവന്ന ആർക്കും മനസ്സിലായില്ല എന്ന് പാസ്റ്റർ പറയുമ്പോൾ, ബൈബിളാകട്ടെ; ഓരോരുത്തൻ **താന്താന്റെ ഭാഷയിൽ സംസാരിച്ചു** എന്ന് പറയുന്നു. ഇതിൽ ഏത് ശരിയെന്ന് നിങ്ങൾ തീരുമാനിക്കുക.

അവിടെകൂടി വന്ന നാനാഭാഷക്കാർക്ക് അവിടെ സംസാരിച്ചതെല്ലാം

മനസ്സിലായി. ഇവിടെ വചനം പറയുന്നത് ശ്രദ്ധിക്കേണ്ടതാണ്.

1 കൊരി 14:10–11: ലോകത്തിൽ വിവിധ ഭാഷകൾ അനവധി ഉണ്ട്. അവയിൽ ഒന്നും തെളിവല്ലാത്തതല്ല. ഞാൻ ഭാഷ അറിയാഞ്ഞാൽ സംസാരിക്കുന്നവനു ഞാൻ ബർബ്ബരൻ ആയിരിക്കും. സംസാരിക്കുന്നവൻ എനിക്കും ബർബ്ബരൻ ആയിരിക്കും".

വീണ്ടും: ''അതുപോലെ നിങ്ങളും നാവുകൊണ്ട് തെളിവായ വാക്കു ഉച്ചരിക്കാഞ്ഞാൽ സംസാരിക്കുന്നത് എന്തെന്ന് എങ്ങനെ അറിയും" (വാക്യം 9)

അ. പ്ര. 2:4 എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയ വരം പോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി".

# വരം – Gift – സമ്മാനം

"പരിശുദ്ധാത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയ വരം പോലെ" എന്നത് ശ്രദ്ധിക്കുക. വരം – അടയാളം – ഇവ രണ്ടും രണ്ടാണ്.

ശിഷ്യന്മാർ കാത്തിരുന്നപ്പോൾ അല്ല; ജനങ്ങളുടെ മുമ്പ് വന്ന് നിന്നപ്പോഴാണ് ആത്മാവിനാൽ നിറയപ്പെട്ടത്. അപ്പോഴാണ് ആത്മ നിറവിന്റെ ആവശ്യവുമുള്ളത്.

ഇക്കാര്യം **''കാത്തിരുപ്പ് യോഗം''** ക്രമികരിക്കുന്നവർ (TPM) അറിഞ്ഞിരിക്കേണ്ടതാണ്. കാത്തിരുപ്പ് യോഗത്തിനാൽ പരിശുദ്ധാത്മാഭിഷേകം എന്നത് "തട്ടിപ്പ് ഉപദേശമാണ്".

### ❖ ദയവായി നിങ്ങൾ അറിഞ്ഞിരിക്കേണ്ടത്

അന്യഭാഷാ എന്ന പേരിൽ നിങ്ങൾക്കും കേൾക്കുന്ന മറ്റുള്ളവർക്കും മനസ്സിലാകാത്ത അപശബ്ദങ്ങൾ പുറപ്പെടുവിക്കരുത്. ആത്മാവ് ഞങ്ങളെ ഇങ്ങനെ

സംസാരിക്കാൻ വച്ചു എന്ന് **പഴി പരിശുദ്ധാത്മാവിന്റെ മേൽ ഇടരുത്.** ആത്മാവ് എന്തു ക്രമമായും ഉചിതമായും ചെയ്യുന്ന ഉന്നത വ്യക്തിത്വത്തിന്റെ ഉടമയാണ്.

അ.പ്ര. 2:33: "........... അവിടുന്ന് ദൈവത്തിന്റെ വല ഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവ് എന്ന വാഗ്ദത്ത് പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നത് പകർന്നു തന്നു.

❖ **കാണുകയും:** നേരത്തേ സൂചിപ്പിച്ചതുപോലെ അഗ്നിജ്വാലകൾക്കു നടുവിലുള്ള ശിഷ്യന്മാരെ കണ്ടു.

❖ **കേൾക്കുകയും:** ഓരോ ശിഷ്യന്മാരും അവിടെ കൂടി വന്നു ഓരോരുത്തരുടെയും മാതൃഭാഷകളിൽ സംസാരിക്കുന്നത് കേട്ടു.

അ.പ്ര. 2:11: ".......... നാം ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നത് കേൾക്കുന്നുവല്ലോ."

## ദൈവത്തിന്റെ വൻ കാര്യങ്ങൾ

ഓരോ യഹൂദനും തന്റെ കുഞ്ഞുങ്ങൾക്ക് തങ്ങൾ അടിമത്തത്തിൽ ആയതിനെയും ശാശ്വതവും ബലമുള്ളതുമായ ഭുജം കൊണ്ടു തങ്ങളെ വിടുവിച്ചതിനെയും, ചെങ്കടൽ പിളർന്നതിനെയും, മന്നാ പൊഴിഞ്ഞതിനെയും,

മാറയെ മധുരമാക്കി മാറ്റിയതിനെയും, വെള്ളവും, പുല്ലും ഇല്ലാത്ത സ്ഥലങ്ങളിൽ വെള്ളം ആറുപോലെ ഓടിച്ചതും, കന്നുകാലികൾക്ക് ആവശ്യമായ പുല്ലുമുളയ്ക്കാൻ മുൻ മഴ ഒരുക്കിയതും, പകല മേഘസ്തംഭവും രാത്രി അഗ്നിത്തൂണും നൽകി പരിപാലിച്ചതും, ഒടുവിൽ വാഗ്ദത്ത

നാട് – കനാൻ – നൽകിയതിനെയും എണ്ണി എണ്ണി സ്തുതിച്ചുകൊണ്ടേ വന്നു. സ്തുതിയെ ഗാനങ്ങളാക്കി തലമുറകൾ പാടിന ടന്നു.

---

പഴയ നിയമത്തിലെ ദൈവജനം യഹോവയെയും അവിടുത്തെ വചനത്തെയും മറന്ന് അന്യദൈവങ്ങളിലേക്കും വിഗ്രഹാരാധനയിലേക്കും തിരിഞ്ഞപ്പോൾ ദൈവം അവരെ ബാബിലോണിലേക്ക് ചിതറിച്ചു കളഞ്ഞു.

സ്വന്തം നാടുവിട്ടു ബാബിലോണിലേക്കുള്ള യാത്രാമദ്ധ്യേ ആറുകളുടെ കരയിൽ ഇരുന്നു വിശ്രമിച്ചപ്പോൾ ബാബിലോണ്യ പട്ടാളക്കാർ യഹൂദന്മാരോടായി ഇങ്ങനെ ചോദിച്ചു. "നിങ്ങളുടെ പിതാക്കന്മാർക്ക് ദൈവം കാണിച്ച ആർദ്ര കൃപകളെ, മഹത്വങ്ങളെ പാടുമെന്ന് കേട്ടു. ഇപ്പോൾ പാടാമോ?". ആ സമയത്തുള്ള അവരുടെ മനോഭാവമാണ് 137 –ാം സങ്കീർത്തനം. (By the Rivers of Babylon) Song.

പെന്തകോസ്ത് നാളിൽ പുറപ്പാടു മുതലുള്ള ദൈവമഹത്വം അവർ സ്വന്തം **ഭാഷകളിൽ കേട്ടപ്പോൾ** ഇനിയെന്തു പറയും എന്നു കേൾക്കാനായി കൂടുതൽ ആകാംഷയുള്ളവരായി. അപ്പോൾ പത്രോസ് എഴുന്നേറ്റു കൃപായുഗത്തിലെ ആദ്യ സുവിശേഷ പ്രസംഗം തുടങ്ങി. പിതാവ് അയച്ച മിശിഹായാണ് ക്രിസ്തു എന്ന് പഴയ നിയമ ഉദ്ധരണിയിലൂടെ തെളിയിച്ചു. "യിസ്രായേൽ പുരുഷന്മാരെ, ഈ വചനം കേട്ടുകൊൾവിൻ, നിങ്ങൾ തന്നേ അറിയുംപോലെ ദൈവം അവനെക്കൊണ്ട് നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് ദൈവം തന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചു കൊന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് അവനെ ഉയിർത്തെഴുന്നേല്പിച്ചു.

മരണം അവനെ പിടിച്ചു വെക്കുന്നതു അസാദ്ധ്യമായിരുന്നു. (അ. പ്ര. 2:22–24). ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്ന് യിസ്രായേൽഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ (വാ 36)

അന്നവിടെ കാണുകയും കേൾക്കുകയും ചെയ്ത ദൈവമഹത്വവും തുടർന്നുള്ള സുവിശേഷ പ്രസംഗത്തിലൂടെ 3000 പേർ രക്ഷിക്കപ്പെട്ടു, സ്നാനമേറ്റു, പുതിയ നിയമ സഭയിൽ ചേർന്നു.

❖ **പുതിയ നിയമ യുഗം**

പുതിയ നിയമയുഗം തുടങ്ങിയതറിയാതെയാണ് പെന്തകോസ്ത് സഭകൾ നടന്നു വരുന്നത്. പഴയ നിയമ സംഭവങ്ങളെയും, വ്യക്തികളെയും, യിസ്രായേൽ ജനത്തിനുള്ള ഭൗമിക നന്മകളെയും പ്രസംഗിച്ച് ജനങ്ങളെ ന്യായപ്രമാണത്തിന്റെ അടിമത്തത്തിലാക്കി വച്ചിരിക്കുന്നു.

പഴയ നിയമകാലത്ത് ഉത്സവ സമയങ്ങളിൽ ചെയ്തതുപോലെ കൈകളടിച്ചും, കൈകളുയർത്തിയും, റ്റാറ്റാ കാണിച്ചും, ആടിയും, പാടിയും, നൃത്തം ചവിട്ടിയും, ചിരിച്ചും, കൂവിയും, വിസിൽ അടിച്ചും കൃത്രിമ ആത്മനിറവ് സൃഷ്ടിച്ചും ജനങ്ങളെ വഞ്ചിച്ച് വച്ചിരിക്കുന്നു. ഇതിനാൽ വചനമില്ലാത്ത, പരിജ്ഞാനമില്ലാത്ത ജനങ്ങളുടെ കൂട്ടം അടിമകളുടെ കൂട്ടം പെരുകുന്നു.

റിയാലിറ്റി ഷോകളെ വെല്ലുന്ന വാദ്യസംഗീത ഘോഷാദികളുടെ അകമ്പടിയാൽ ജനത്തെ മാസ്മര വലയത്തിലാക്കുന്നതിനാൽ വചനത്തിന് ഒരു സ്ഥാനവുമില്ല. പെന്തകോസ്ത് സഭകളുടെ പരിതാപകരമായ നില ഇതാണ്. പാസ്റ്റർ രാജമണി അവർകളും ഇതിൽ നിന്ന് വ്യത്യസ്ഥമല്ല.

2 കൊരി 13:1 അനുസരിച്ച്: "രണ്ടു മൂന്ന് സാക്ഷികളുടെ വാമൊഴിയാൽ ഏതു കാര്യവും ഉറപ്പാകും'' എന്ന് ഉറപ്പിച്ച് 3 വചനഭാഗങ്ങളെ സാക്ഷ്യത്തിനായി വിളിച്ചുവരുത്തി. അതിൽ ഒരു വേദഭാഗം അ. പ്ര. 2:4–6 – തനിക്കെതിരായി സാക്ഷ്യം നല്കിയത് നിങ്ങൾ കണ്ടു.

ഇനിയും **സാക്ഷ്യത്തിനായി** പാസ്റ്റർ അവർകൾ വിളിച്ചിട്ടുള്ള വേദഭാഗങ്ങൾ

(2) അ.പ്ര. 10:45 – സൈസര്യ

(3) അ. പ്ര. 19: 1–6 – എഫസോസ്

ദൈവം അനുവദിച്ചാൽ ഈ വേദഭാഗങ്ങളുടെ വിശദീകരണം അടുത്ത ലക്കത്തിൽ കാണാം.

വായനക്കാർ അന്യഭാഷാ കുഴപ്പത്തിൽ നിന്ന് ശരിയായ ഗ്രാഹ്യം ഉള്ളവരാകാൻ കർത്താവ് നിങ്ങളെ സഹായിക്കട്ടെ.

❖❖❖❖❖❖❖❖❖❖❖❖❖❖❖

## TIRUNELVELI CSI DIOCESE
## KALLIDAIKURICHI CHURCH CONVENTION




തിരുനെൽവേലി ഡയോസിസിലെ കല്ലിടൈകുറിച്ചി സഭയിൽ നടന്ന കൺവെൻഷൻ യോഗങ്ങൾക്കു റവ. സാമുവൽ അവർകൾ അദ്ധ്യക്ഷത വഹിച്ചു. തിരുന്നേൽവേലി ഡയോസിന് ബിഷപ്പ് Rt. Rev.Dr.J.J.ക്രിസ്തുദാസ് അവർകൾ ഉദ്ഘാടന പ്രസംഗം നിർവ്വഹിച്ചു.ജനം വളരെ താത്പര്യത്തോടെ വചനം ശ്രവിച്ചു. 3 ദിവസ യോഗങ്ങളും വളരെ അനുഗ്രഹമായിരുന്നു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത് സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

## TUTICORIN - NAZARETH DIOCESE
## MILLERPURAM CSI ST. PAULS CHURCH CONVENTION






തൂത്തുക്കുടി നാസറേത് ഡയോസിസിലെ മില്ലർപുരം സെന്റ് പോൾ സഭാങ്കണത്തിൽ നടന്ന കൺവെൻഷൻ യോഗങ്ങൾക്ക് റവ. ഏബ്രഹാം പീറ്റർ അവർകളും ശുശ്രൂഷകൻ SAC ദേവസഹായം അവർകളും അദ്ധ്യക്ഷത വഹിച്ചു. ദൈവാത്മാവ് വചനം നൽകി സഹായിച്ചു. 3 ദിവസ യോഗങ്ങളും അനുഗ്യഹമായിരുന്നു. ദൈവത്തിന് മഹത്വമുണ്ടാവട്ടെ.

## KANYAKUMARI CSI DIOCESE
## ANANDANADARGUDI CHURCH CONVENTION







കന്യാകുമാരി ഡയോസിസിലെ അനന്തനാടാർ കുടി സഭയിൽ നടന്ന കൺവെൻഷൻ യോഗങ്ങൾ അനുഗ്യഹമായി നടന്നു. Rev.Daniel Devadhasan അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന ഈ യോഗങ്ങളിൽ ദൈവാത്മാവ് എന്നെ ഉപയോഗിച്ചു. ർത്താവിന് മഹത്വമുണ്ടാകട്ടെ. **വന്ദനം ചെയ്യുന്നു! സ്വാഗതം ചെയ്യുന്നു!**

# കൂട്ടായ്മകൾ

ചില വായനക്കാർ കാവൽക്കാരൻ മാസികയ്ക്കായി കൂട്ടായ്മ അയച്ചു. മാസിക വന്നില്ല എന്ന് എഴുതുന്നു. MO ൽ കൂട്ടായ്മ അയക്കുമ്പോൾ എന്തിനുവേണ്ടി അയക്കുന്നു എന്നെഴുതാൻ കഴിയില്ല. ഞങ്ങൾക്കും അറിയാൻ നിവൃത്തിയില്ല. അതിനാൽ കൂട്ടായ്മ അയച്ച ഉടൻ നിങ്ങളുടെ മുഴുവൻ വിലാസവും ഫോൺ നമ്പരും വച്ച് കത്തെഴുതുക. പുതിയ വരിക്കാരനാണെങ്കിൽ പുതിയ വരിക്കാരൻ

**കത്തുകളെഴുതുമ്പോൾ പൂർണ്ണ വിലാസവും കമ്പ്യൂട്ടർ സീരിയൽ നമ്പരും എഴുതാൻ മറക്കരുതേ.**

(കാവൽക്കാരൻ മാസികയ്ക്ക് വരിസംഖ്യ ഇല്ല)

## മലബാർ സി.എസ്.ഐ. ഡയോസിസ്

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബിഷപ്പ് അവർകൾ മലബാറിൽ പിറന്ന് മലബാർ ബാസൽ മിഷൻ സഭയിൽ ശുശ്രൂഷകനായി. ഇന്ന് Basal Mission ൽ നിന്ന് സി.എസ്.ഐ ലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യ ബിഷപ്പായി ത്തീർന്നിരിക്കുന്നു. ഇത്രയും കാലം മധ്യകേരള മഹായിടവകയിലെ ബിഷപ്പുമാരാണ് മലബാർ മേഖലയെ ഭരിച്ചിരുന്നത്. ഇപ്പോൾ മലബാർ ഡയോസിസ് ഉദയം ചെയ്ത് അവിടുത്തെ തദ്ദേശീയനായ ശുശ്രൂഷകനെ ബിഷപ്പായി വമ്പിച്ച ഭൂരിപക്ഷത്തിൽ തെരഞ്ഞെടുത്ത്,അനവധി പോരാട്ടങ്ങൾക്കു ശേഷം Rt.Rev.Royce Manoj Victor അവർകളെ ബിഷപ്പായി അവരോധിച്ചിരിക്കുന്നു. ഈ ഡയോസിസിലെ ജനങ്ങളെയും ബിഷപ്പിനെയും വന്ദനം ചെയ്യുന്നു. പുതിയ ബിഷപ്പ് സന്നദ്ധ പ്രവർത്തനങ്ങളിൽ അതീവ തല്പരനെന്ന് അറിയപ്പെടുന്നു. അതേ താല്പര്യം ആത്മീയ കാര്യങ്ങളിലും ചെലുത്തുമെങ്കിൽ വിശ്വാസികൾക്കു നന്മ വരും, ദൈവനാമം മഹത്വപ്പെടും. ബിഷപ്പ് അവർകളെ ഞാനും കാവൽക്കാരൻ വായനക്കാരും ഞങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുമെന്ന് അറിയിക്കട്ടെ!

# BANK ACCOUNT NUMBERS:

## Dr. M.G.E. PUSHPARAJ

SALEM -636 005. INDIA

**STATE BANK OF INDIA**(SALEM-1970)
**A/C No: 10764116842**
SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842


**CANARA BANK - SALEM**
(SURAMANGALAM BRANCH)
**A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

**STATE BANK OF TRAVANGORE**
(SALEM BRANCH CODE - 70328)
**A/C No: 57041760879.**
SWIFT CODE - SBTR0000328- 57041760879
IFSC CODE SBTR0000328, RBCMS BXX - 57041760879.

**SYNDICATE BANK**
(SALEM SURAMANGALAM BRANCH)
**A/C.No: 2200009312.**
SWIFT CODE - SYNBINBB027 6293-2200009312.
IFSC CODE - SYNB0006293-2200009312.

**INDIAN OVERSEAS BANK**
**SALEM MAIN**
**A/C/NO.008001000024114**
IFSC CODE – IOBA0000080

# നിര്യാണ അറിയിപ്പ്



Rt.Rev.Sam Mathew

ബിഷപ്പ് Rt. Rev.Dr.സാം മാത്യു അവർകൾ മധ്യകേരള CSI ഡയോസിൽ (കോട്ടയം) 12 വർഷം ബിഷപ്പായി പ്രവർത്തിച്ചു. 2016 ഏപ്രിൽ 16 –ാം തീയതി തന്റെ 80–ാം വയസിൽ നിര്യതനായി. ഇദ്ദേഹം തന്റെ കാലത്ത് ഡയോസിൽ പ്രാർഥനാ ഗ്രൂപ്പുകൾ ഉണ്ടാക്കുവാൻ ഏറെ ശ്രമിച്ചു. അതോടൊപ്പം ഭവന യോഗങ്ങൾ തുടങ്ങുന്നു അതിൽ Bible study നടത്തുവാനും നിഷ്കർഷിച്ചു. ഇദ്ദേഹത്തിന്റെ നല്ല സേവനങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. ബിഷപ്പ് അവർകളെ നഷ്ടപ്പെട്ട കുടുംബാംഗങ്ങൾക്കും അദ്ദേഹത്താൽ പ്രയോജനം ലഭിച്ച വ്യക്തികൾക്കും ദൈവം ആശ്വാസം നല്കട്ടെ.

**JUNE 2016**

# Printed Book/Book Post

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.